# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ആശുപത്രി വ്യവസായ ബന്ധ സമിതി രൂപീകരണം

2740 ശ്രീ. സണ്ണി ജോസഫ്
,, ഡൊമിനിക് പ്രസന്റേഷൻ
,, എം. എ. വാഹീദ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശുപത്രി വ്യവസായ ബന്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ ഇത് എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത സമിതി നടത്തുന്നത്; വിശദാംശങ്ങൾ നൽകുമോ?

സ്വകാര്യ ആശുപത്രിയിലെ നഴ്സുമാർക്ക് ട്രെയിനിംഗ് വ്യവസ്ഥ ഏർപ്പെടുത്തുന്ന ഉത്തരവ്

2741 ശ്രീ. ജി. സുധാകരൻ
,, രാജു എബ്രഹാം
ശ്രീമതി. കെ. എസ്. സലീഖ
ശ്രീ. ആർ. രാജേഷ്

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് ട്രെയിനിംഗ് വ്യവസ്ഥ ഏർപ്പെടുത്തിക്കൊണ്ട് 2012 ൽ സർക്കാർ ഉത്തരവിറക്കാനുണ്ടായ സാഹചര്യമെന്തായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) ബോണ്ടുവ്യവസ്ഥയും ട്രെയിനിംഗ് വ്യവസ്ഥയും നിരോധിച്ചുകൊണ്ടുള്ള സുപ്രീംകോടതി വിധിയെത്തുടർന്ന് ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ നൽകിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന നഴ്സിംഗ് കൗൺസിൽ നൽകിയ നിർദ്ദേശം ഇതുവരെ നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) സർക്കാരിന്റെ പ്രസ്തുത നടപടി സ്വകാര്യ ആശുപത്രികൾക്ക് നഴ്സുമാരെ ട്രെയിനികൾ എന്ന പേരിൽ നിയമിച്ചു തൊഴിൽ ചൂഷണം നടത്താൻ ഇടയാക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാർ ഉത്തരവ് റദ്ദാക്കി തൊഴിൽ ചൂഷണത്തിനെതിരെ നിയമനടപടിക്ക് തയ്യാറാകുമോ; വിശദമാക്കാമോ?

**കേരള നിയമസഭ**
**27.01.2014–ലെ മറുപടിക്ക്**

<u>നഴ്സുമാര്‍ക്ക് മിനിമം വേതനം</u>

2742 ശ്രീ. ജോസഫ് വാഴക്കന്‍
,, വര്‍ക്കല കഹാര്‍
,, എം. പി. വിന്‍സെന്റ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ നഴ്സുമാരുടെ മിനിമം വേതനം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം കര്‍മ്മ പദ്ധതികളാണ് ഈ സര്‍ക്കാരിന്റെ കാലത്ത് ആവിഷ്ക്കരിച്ചത്; വിശദമാക്കുമോ;

(ബി) സ്വകാര്യ ആശുപത്രി ഉള്‍പ്പെടെ വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ നഴ്സുമാരുടെ മിനിമം വേതനം ഉറപ്പ് വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് ഭരണതലത്തില്‍ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങള്‍ നല്‍കുമോ?

# കേരള നിയമസഭ
# 27.01.2014-ലെ മറുപടിക്ക്

<u>സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക്</u>
<u>ബാങ്ക് വഴി വേതനം</u>

2743 ശ്രീ. വി. റ്റി. ബൽറാം
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് വേതനം ഉറപ്പ് വരുത്തുവാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി ഇവരുടെ ശമ്പളം ബാങ്ക് വഴി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ശമ്പളം ബാങ്ക് വഴി നൽകണമെന്ന് നിഷ്കർഷിക്കുന്ന ശമ്പള സംരക്ഷണ നിയമം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) എങ്കിൽ ഇതിനുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ബലരാമൻ കമ്മീഷൻ റിപ്പോർട്ട്</u>

2744 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന നഴ്സുമാരുടെ സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ച് പരിശോധിക്കാൻ നിയോഗിച്ച ബലരാമൻ കമ്മീഷന്റെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കമ്മീഷന്റെ ഏതെല്ലാം നിർദ്ദേശങ്ങളാണ് ഇതിനകം നടപ്പിലാക്കിയതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ ഏതൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ പ്രവർത്തനം

2745

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

## കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>വിശ്വകർമ്മ സമുദായത്തിന് പെൻഷൻ</u>

2746 ശ്രീ.മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട പരമ്പരാഗത മരം, ഇരുമ്പ്, കല്ല്, കളിമണ്ണ്, സ്വർണ്ണപ്പണിക്കാർക്ക് ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച പെൻഷൻ ആനുകൂല്യങ്ങൾ എന്നുമുതൽ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ;

(ബി) പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് വകുപ്പുതലത്തിലുള്ള നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ആയത് പൂർത്തീകരിക്കും എന്ന് വ്യക്തമാക്കാമോ;

(സി) ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭ്യമാകുന്നതു സംബന്ധിച്ച് കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രി നടത്തിയിട്ടുള്ള പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നടപ്പാക്കുന്നതു സംബന്ധിച്ച് സർക്കാർ പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ കേന്ദ്രത്തിലേക്ക് കത്തിടപാടുകൾ നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>സ്വര്‍ണ്ണത്തൊഴിലാളികളെ സംരക്ഷിക്കാന്‍ നടപടി</u>

2747 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത സ്വര്‍ണ്ണത്തൊഴിലാളികള്‍ മുഴു പട്ടിണിയിലേയ്ക്കു നീങ്ങുന്നതായ വിവരം ശ്രദ്ധയിലുണ്ടോ;

(ബി) സ്വര്‍ണ്ണ വിപണി റെക്കാര്‍ഡ് വിജയത്തിലെത്തിയിട്ടും സ്വര്‍ണ്ണപ്പണിക്കാരുടെ ജീവിത നിലവാരം താഴേയ്ക്ക് പോവുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(സി) പരമ്പരാഗത സ്വര്‍ണ്ണത്തൊഴിലാളികളെ സംരക്ഷിക്കാന്‍ സര്‍ക്കാര്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം</u>

2748 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിനും തൊഴിലിടങ്ങളിലെ ചൂഷണം തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ</u>

2749 ശ്രീ. പി. കെ. ഗുരുദാസൻ
,, കെ. കെ. ജയചന്ദ്രൻ
,, പി. ശ്രീരാമകൃഷ്ണൻ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്താനുള്ള സംവിധാനത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) ഇവരെ സംസ്ഥാനത്ത് എത്തിക്കുകയും തൊഴിലിനായി വിട്ടു നൽകുകയും ചെയ്യുന്ന കരാറുകാർക്ക് ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇവരുടെ പ്രവർത്തനം നിരീക്ഷിക്കാറുണ്ടോ;

(സി) കരാറുകാരുടെയും ഏജന്റുമാരുടെയും ഇടനില ചൂഷണത്തിൽ നിന്ന് തൊഴിലാളികൾക്ക് പരിരക്ഷ നൽകാൻ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 27.01.2014–ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമനിർമ്മാണം</u>

2750 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമ നിർമ്മാണം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇതിനുള്ള നിയമ നിർമ്മാണ പ്രക്രിയ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾ</u>

2751 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് നിന്നും വേതനമായി ഒരു വർഷം എത്ര തുക കൈപ്പറ്റുന്നു എന്നാണ് തൊഴിൽ വകുപ്പ് നടത്തിയ പഠനത്തിൽ കണ്ടെത്തിയിത് ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര അന്യസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നുവെന്ന് സംസ്ഥാനം തിരിച്ച് കണക്ക് വ്യക്തമാക്കാമോ ;

(സി) നാളിതുവരെ തൊഴിൽ വകുപ്പിൽ എത്ര അന്യസംസ്ഥാന തൊഴിലാളികൾ പേര് രജിസ്റ്റർ ചെയ്തു; ആയതിൽ എത്ര പേർക്ക് തിരിച്ചറിയൽ കാർഡ് നൽകി ; വ്യക്തമാക്കാമോ ;

(ഡി) തിരിച്ചറിയൽ കാർഡ് ഇല്ലാത്ത തൊഴിലാളികളെ കൊണ്ട് പണി ചെയ്യിപ്പിക്കുന്ന ചെറുകിട-വൻകിട കോൺട്രാക്ടർമാർക്കെതിരെ എപ്രകാരമുള്ള ശിക്ഷാ നടപടിയാണ് സർക്കാർ സ്വീകരിച്ചു വരുന്നത് ; ഇതിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കാമോ ;

(ഇ) കേരളത്തിൽ ജീവിക്കുന്ന എത്ര പേരിൽ ഒരാൾ അന്യസംസ്ഥാന തൊഴിലാളിയാണെന്ന് തൊഴിൽ വകുപ്പിന്റെ പഠനത്തിൽ തെളിഞ്ഞിട്ടുള്ളത് ;

(എഫ്) ഓരോ വർഷവും ശരാശരി അന്യസംസ്ഥാന തൊഴിലാളികൾ എത്ര പേരാണ് ജോലിക്കായി കേരളത്തിൽ എത്തുന്നത് ; അടുത്ത പത്ത് വർഷത്തിനുള്ളിൽ ഇവരുടെ ജനസംഖ്യ സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനമാകുമെന്നാണ് തൊഴിൽ വകുപ്പ് കണ്ടെത്തിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ജി) ബംഗ്ലാദേശിൽ നിന്നും അനധികൃതമായി കുടിയേറുന്ന ഒട്ടേറെപേർ കേരളത്തിൽ ജോലി ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; വിശദമാ

ക്കാമോ ;

(എച്ച്) മറുനാടൻ തൊഴിലാളികളെക്കുറിച്ച് പഠനം നടത്തിയ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് എന്തൊക്കെ നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുളളത് ; ആയത് സംബന്ധിച്ച് തൊഴിൽ വകുപ്പ് എന്ത് നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ</u>

2752 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ടോ; ഇവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**27.01.2014–ലെ മറുപടിക്ക്**

അന്യസംസ്ഥാന തൊഴിലാളികളെ നിയന്ത്രിക്കാൻ നടപടി

2753 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾ അനിയന്ത്രിതമായി നഗരങ്ങളിലും ഗ്രാമങ്ങളിലും കേന്ദ്രീകരിക്കുന്നതായും സുരക്ഷിതമല്ലാതെ തൊഴിലുകളിൽ ഏർപ്പെട്ട് അപകടങ്ങളിൽപ്പെടുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് നിയന്ത്രിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ കണക്ക്</u>

2754 ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. മുല്ലക്കര രത്നാകരൻ
’’ ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ജോലി ചെയ്തു വരുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ ജില്ല തിരിച്ച കണക്ക് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികള്‍ ചൂഷണം ചെയ്യപ്പെടുന്നത് തടയാന്‍ നടപടി</u>

2755 ശ്രീ. എ. കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളെ കൊണ്ടുവരുന്നതിന് കരാര്‍കാര്‍ക്കോ, വ്യക്തികള്‍ക്കോ, സ്ഥാപനങ്ങള്‍ക്കോ സംസ്ഥാനത്തിന്റെ എന്തെങ്കിലും അനുവാദമോ, ലൈസന്‍സോ ആവശ്യമുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(ബി) അന്യസംസഥാന തൊഴിലാളികള്‍ സംസ്ഥാനത്ത് കരാറുകാരുടെയും ഏജന്റുമാരുടെയും വിവധ ചൂഷണങ്ങള്‍ക്ക് ഇരയാകുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ആയത് പരിഹരിക്കാന്‍ എന്ത് നടപടിയാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

ചുമട്ടു തൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ട്

2756 ശ്രീ. വി.എസ്. സുനിൽ കുമാർ
'' വി. ശശി
'' ഇ.കെ. വിജയൻ
'' കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചുമട്ടു മേഖലയിലെ തൊഴിൽ നഷ്ടവും പരിഹാരവും സംബന്ധിച്ച് സർക്കാർ നിയോഗിച്ച സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഈ സമിതി പഠന വിധേയമാക്കിയ കാര്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) സമിതി റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാം; ഈ ശുപാർശകൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ഇവ എന്ന് പ്രാബല്യത്തിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 27.01.2014-ലെ മറുപടിക്ക്

<u>ചുമട്ടുതൊഴിൽ മേഖലയിലെ തൊഴിൽ നഷ്ടം - പഠന റിപ്പോർട്ടിൻമേൽ നടപടി</u>

2757 ശ്രീ. കെ. മുരളീധരൻ
,, വി. റ്റി. ബൽറാം
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചുമട്ടുതൊഴിൽ മേഖലയിലെ തൊഴിൽ നഷ്ടവും പരിഹാരവും സംബന്ധിച്ച് പഠനം നടത്താൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം ശുപാർശകളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം വിഷയങ്ങളാണ് കമ്മിറ്റി പഠനവിധേയമാക്കിയത്; വിശദാംശങ്ങൾ നൽകുമോ;

(ഇ) റിപ്പോർട്ടിൻമേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**കേരള നിയമസഭ**
**27.01.2014-ലെ മറുപടിക്ക്**

<u>അനർഹമായ ചുമട്ടുതൊഴിലാളി കാർഡുകൾ റദ്ദാക്കാൻ നടപടി</u>

2758 ശ്രീ. എ. റ്റി. ജോർജ്
'' അൻവർ സാദത്ത്
'' സണ്ണി ജോസഫ്
'' പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചുമട്ടുതൊഴിലാളി കാർഡുകൾ അനർഹമായി കരസ്ഥമാക്കിയതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ നിശ്ചിതകാലാവധിക്കുള്ളിൽ വിശദമായ പരിശോധന നടത്തി ഇതിന്മേൽ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ;

(സി) അനർഹമാണെന്ന് കണ്ടെത്തിയ തിരിച്ചറിയൽ കാർഡുകൾ റദ്ദാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>തൊഴിൽ വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിന് നടപടി</u>

2759 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൊഴിൽ വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിന് സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>തൊഴിൽവകുപ്പിൽ പുതിയ തസ്തികകൾ</u>

2760 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽവകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പുതിയ തസ്തികകളാണ് സൃഷ്ടിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്ന ആശുപത്രികൾ</u>

2761 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം ആശുപത്രികളിലാണ് ഇ.എസ്.ഐ. ചികിത്സാനുകൂല്യം നൽകുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) വടകര, കുറ്റ്യാടി, പേരാമ്പ്ര മേഖലകളിലുള്ള ആശുപത്രികളിലും കൂടി പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാക്കുന്ന ആശുപത്രികൾ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച മാനദണ്ഡം എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

### എംപ്ലോയബിലിറ്റി സെന്ററുകള്‍

2762 ശ്രീ. പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് തൊഴില്‍ വകുപ്പിന്റെ കീഴില്‍ എംപ്ലോയബിലിറ്റി സെന്ററുകള്‍ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍, പ്രസ്തുത സെന്ററുകളിലൂടെ എന്തെല്ലാം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ;

(സി) നിലവില്‍ കേരളസംസ്ഥാനത്ത് എവിടെയെല്ലാമാണ് എംപ്ലോയബിലിറ്റി സെന്ററുകള്‍ ആരംഭിച്ചിട്ടുള്ളതെന്നും, പ്രസ്തുതപദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുമോയെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാ സ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷന്റെ പ്രവർത്തനങ്ങൾ

2763 ശ്രീ. കെ. അച്ചുതൻ
,, ഹൈബി ഈഡൻ
,, ലൂഡി ലൂയിസ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാ സ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ എന്ന സ്ഥാപനം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു മുഖേന കൈവരിക്കുന്നത്;

(സി) സംസ്ഥാനത്തിന്റെ വിവിധ മേഖലയിൽ തൊഴിൽ നൈപുണ്യം സൃഷ്ടിക്കുന്നതിന് ഈ സ്ഥാപനത്തെ എപ്രകാരം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>കൺസ്ട്രക്ഷൻ അക്കാദമിയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷനും</u>

2764 ശ്രീ.പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്ട്രക്ഷൻ അക്കാഡമിക്ക് വേണ്ടി ചാത്തന്നൂരിൽ വാങ്ങിയ സ്ഥലത്ത് തൊഴിൽ വകുപ്പ് എന്ത് പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) കൺസ്ട്രക്ഷൻ അക്കാഡമിയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷനും തമ്മിലുളള വ്യത്യാസം വ്യക്തമാക്കുമോ;

(സി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷനിൽ എന്തെല്ലാം കോഴ്സുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; എന്നത്തേയ്ക്ക് ക്ലാസ്സുകൾ ആരംഭിക്കുമെന്നറിയിക്കുമോ ?

**കേരള നിയമസഭ**
**27.01.2014-ലെ മറുപടിക്ക്**

<u>ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സിന് പി.എസ്.സി അംഗീകാരം</u>

2765 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഐ.ടി.ഐ കളിൽ തുടങ്ങിയ ഏകവത്സര കോഴ്സായ ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സിന് പി.എസ്.സി യുടെ അംഗീകാരം ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കോഴ്സ് പഠിക്കുന്നവർക്കും, പൂർത്തിയാക്കിയ വർക്കും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനായി പി. എസ്.സി യുടെ അംഗീകാരം ലഭ്യമാക്കുന്നതിനാവശ്യ മായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>ബാലുശ്ശേരി മണ്ഡലത്തിൽ മാതൃകാ ഐ.ടി.ഐ</u>

2766 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബാലുശ്ശേരി അസംബ്ലിമണ്ഡലത്തിലെ കിനാലൂർ കെ. എസ്. ഐ. ഡി. സി വ്യവസായ വികസന കേന്ദ്രത്തോടനുബന്ധിച്ച്, നൂതന തൊഴിൽ മേഖലയിൽ പരിശീലനം നൽകുന്നതിന് ഒരു മാതൃകാ ഐ. ടി. ഐ. സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

കായംകുളം ഗവൺമെന്റ് ഐ. റ്റി. ഐ.-യ്ക്ക് സ്വന്തമായി സ്ഥലം

2767 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം ഗവൺമെന്റ് ഐ.റ്റി.ഐ.-യ്ക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ചേര്‍പ്പ് ഇന്‍ഡസ്ട്രിയല്‍ ട്രെയിനിംഗ് ഇന്‍സ്റ്റിറ്റ്യൂട്ട്

2768 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പെരിങ്ങോട്ടുകരയില്‍ പ്രവര്‍ത്തിച്ചു വരുന്ന ചേര്‍പ്പ് ഐ. ടി. ഐ ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭിക്കുന്നതിനുള്ള നടപടികള്‍ പൂര്‍ത്തിയായിട്ടുണ്ടോ; ഇല്ലെങ്കില്‍ പ്രസ്തുത നടപടി ഏതുവരെയായി എന്ന് വിശദമാക്കാമോ;

(ബി) അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് വക സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികള്‍ ഊര്‍ജ്ജിതമാക്കാനുള്ള നിര്‍ദ്ദേശങ്ങള്‍ നല്കിയിട്ടുണ്ടോ; എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) സ്ഥലം ഏറ്റെടുക്കല്‍ നടപടികള്‍ എന്നത്തേയ്ക്ക് പൂര്‍ത്തിയാക്കാന്‍ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പ്രൊഫഷണൽ കോഴ്സ് പാസ്സായി എംപ്ലോയ്മെന്റ്
എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുളളവർ</u>

2769 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പ്രൊഫഷണൽ കോഴ്സ് പാസ്സായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എത്ര ഉദ്യോഗാർത്ഥികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന വിവരം വൽകുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>മെഡിക്കൽ എഞ്ചിനീയറിംഗ് ബിരുദധാരികളുടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം</u>

2770 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്ത മെഡിക്കൽ, എഞ്ചിനീയറിംഗ് ബിരുദധാരികൾ എത്രയുണ്ടെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം മെഡിക്കൽ, എഞ്ചിനീയറിംഗ് ബിരുദധാരികളിൽ എത്രപേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>കൊയിലാണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരുടെ താത്കാലിക നിയമനം</u>

2771 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരിൽ 20 വർഷവും അതിനുമുകളിലും സീനിയോറിറ്റിയുള്ളവരും ഇപ്പോഴും രജിസ്ട്രേഷൻ നിലവിലുള്ളവരുമായ എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരിൽ ഒരു ജോലിയ്ക്കും ഇതുവരെ പരിഗണിക്കപ്പെടാത്ത എത്രപേരുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇവരുടെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊയിലാണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ നിന്ന് എത്ര പേരെ താൽകാലിക നിയമനത്തിന് പരിഗണിച്ചിട്ടുണ്ട് എന്നത് വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് & ട്രെയിനിംഗ് ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടം</u>

2772 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് & ട്രെയിനിംഗ് ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടം ശോച്യാവസ്ഥയിലാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടത്തിന് പ്രതിമാസം എത്ര തുകയാണ് വാടകയിനത്തിൽ നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വാടകകെട്ടിടത്തിന് നഗരസഭയിൽ നിന്നും ഏജ്/ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ;

(ഡി) ജീവന് ഭീഷണിയാകുംവിധം പഴക്കം ചെന്ന ഈ കെട്ടിടത്തിൽ നിന്നും ഓഫീസ് മാറ്റുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഇല്ലെങ്കിൽ സുസ്ഥിരമായ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

ഒപ്ടോമെട്രി കോഴ്സ് പാസ്സായി പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ

2773 ശ്രീ. ജി. എസ് ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ചാക്കയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ബി. എസ്. സി. ഒപ്ടോമെട്രി കോഴ്സ് പാസ്സായിട്ടുള്ള എത്ര ഉദ്യോഗാർത്ഥികളാണ് പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗാർത്ഥികളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര പേർക്ക് തൊഴിൽ ലഭിച്ചു;

(സി) ആരോഗ്യവകുപ്പ്/ഇ. എസ്. ഐ ആശുപത്രി തുടങ്ങിയ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് പരിഗണിക്കുവാൻ ഈ സ്ഥാപനത്തിൽ നിന്നും ഉദ്യോഗാർത്ഥികളെ പരിഗണിക്കാറില്ലായെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഇ. എസ്. ഐ. മെഡിക്കൽ കോളേജിൽ ഉണ്ടാകുന്ന ഒഴിവുകളിൽ പ്രസ്തുത ഉദ്യോഗാർത്ഥികളെ പരിഗണിക്കുവാൻ നിർദ്ദേശം നൽകുമോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>തൊഴിലില്ലായ്മ വേതനം</u>

2774 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ വേതനത്തിന് അർഹതയുള്ള ഓരോരുത്തർക്കും എത്ര രൂപയാണ് ഒരു വർഷത്തിൽ തൊഴിലില്ലായ്മ വേതനമായി നൽകുന്നത്;

(ബി) ഇതിനായുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.01.2014-ലെ മറുപടിക്ക്

<u>ക്ഷേമപെൻഷനുകൾ കുടിശ്ശിക വരുത്താതെ വിതരണം ചെയ്യാൻ നടപടി</u>

2775 ശ്രീ. ലൂഡി ലൂയിസ്
,, എ. റ്റി. ജോർജ്
,, പി. സി. വിഷ്ണുനാഥ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേമപെൻഷനുകൾ ഈ സർക്കാരിന്റെ കാലത്ത് വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) എല്ലാ ക്ഷേമ പെൻഷനുകളും കുടിശ്ശിക വരുത്താതെ കൃത്യസമയത്ത് വിതരണം പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് ഭരണ തലത്തിൽ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>തൊഴിലാളി ക്ഷേമനിധി പെൻഷൻ കുടിശ്ശിക</u>

2776 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള തൊഴിലാളി ക്ഷേമ നിധി അംഗങ്ങളിൽ ഇനിയും പെൻഷൻ ലഭിക്കുന്നവർ എത്ര പേരുണ്ട് ;

(ബി) ഇവർക്കുള്ള പ്രതിമാസ പെൻഷൻ ഏത് മാസം വരെയുള്ളത് നല്കിയിട്ടുണ്ട് ;

(സി) കുടിശ്ശികയുണ്ടെങ്കിൽ ആയത് അടിയന്തരമായി കൊടുത്ത് തീർക്കാൻ നടപടി കൈക്കൊള്ളുമോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 27.01.2014-ലെ മറുപടിക്ക്

<u>ക്ഷേമനിധി ആനുകൂല്യങ്ങൾ ബാങ്ക് വഴി വിതരണം</u>

2777

ശ്രീ. ഇളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾ, ആധാർ കാർഡ് ലിങ്ക് ചെയ്ത് ബാങ്ക് അക്കൗണ്ട് എടുക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ 2013 ഡിസംബർ 31 വരെ എത്ര പേർ ബാങ്ക് അക്കൗണ്ട് എടുത്തിട്ടുണ്ട്;

(സി) ആനുകൂല്യങ്ങൾ ലഭിക്കാൻ ബാങ്ക് അക്കൗണ്ടും, ആധാർ കാർഡും നിർബന്ധമാക്കിയിട്ടുണ്ടോ;

(ഡി) ആധാർ കാർഡ് ലഭിച്ചിട്ടില്ലാത്തവരെ പ്രസ്തുത നിബന്ധനയിൽ നിന്നൊഴിവാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ക്ഷേമനിധി ആധാറുമായി ബന്ധിപ്പിക്കൽ</u>

2778 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തൊഴിലാളി ക്ഷേമനിധിയിലെ ഓരോ അംഗത്തിൽ നിന്നും ആധാർ ലിങ്കേജിനുവേണ്ടി നാല്പതു രൂപ വീതം പിരിക്കുന്നതിന് തൊഴിൽ വകുപ്പോ, ക്ഷേമനിധി ബോർഡോ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ പണപ്പിരിവ് നടക്കുന്നുണ്ടോ; എങ്കിൽ എന്തിനുവേണ്ടിയാണ് ഇത് ചിലവഴിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ആധാർ ലിങ്കേജിനുവേണ്ടി ബാങ്കുകൾക്ക് പണം നൽകേണ്ടതുണ്ടോ; എങ്കിൽ എത്ര തുകയെന്ന് വ്യക്തമാക്കുമോ;

(ഡി) തൊഴിൽ വകുപ്പിനുകീഴിൽ എത്ര തൊഴിലാളി ക്ഷേമനിധികളുണ്ട്; ഓരോന്നിലും എത്ര വീതം അംഗങ്ങളുണ്ടെന്ന് പ്രത്യേകം വിശദമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ന്യൂസ്പേപ്പർ ഏജന്റുമാർക്കും വിതരണക്കാർക്കും
ക്ഷേമനിധിയും പെൻഷനും

T.2779 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ന്യൂസ്പേപ്പർ ഏജന്റുമാർക്കും, വിതരണക്കാർക്കും ക്ഷേമനിധിയും പെൻഷനും നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് ക്ഷേമനിധി രൂപീകരണത്തിന് ബിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>ആഭരണനിർമ്മാണത്തൊഴിലാളി ക്ഷേമപദ്ധതി</u>

2780 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010–ലെ ആഭരണനിർമ്മാണത്തൊഴിലാളി ക്ഷേമപദ്ധതിയിൽ എത്ര തൊഴിലാളികളാണ് ഇതിനകം രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ബി) ഓരോ തൊഴിലാളിയിൽനിന്നും പ്രതിമാസം എത്ര രൂപയാണ് ക്ഷേമനിധിയിലേയ്ക്ക് വിഹിതമായി പിരിച്ചെടുത്തിട്ടുള്ളത്;

(സി) വ്യാപാരികളുടെ വിറ്റുവരവിൽനിന്നും പിരിച്ചെടുക്കേണ്ട 'സെസ്സ്' പിരിച്ചെടുക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ, എത്ര രൂപ ഇതുപ്രകാരം പിരിച്ചെടുത്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ, എന്തുകൊണ്ടാണു പിരിച്ചെടുക്കാത്തതെന്നു വ്യക്തമാക്കുമോ;

(ഇ) ക്ഷേമനിധിയുടെ ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ, ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(എഫ്) ക്ഷേമപദ്ധതിയിൽ നിർദ്ദേശിച്ചതുപോലുള്ള ഏതെങ്കിലും ആനുകൂല്യം ഇതിനകം ഏതെങ്കിലും തൊഴിലാളികൾക്കു നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ജി) ഇല്ലെങ്കിൽ എന്തുകൊണ്ടാണു നൽകാത്തതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>മോട്ടോർ തൊഴിലാളി ക്ഷേമനിധി ഭേദഗതി</u>

2781 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ തൊഴിലാളി ക്ഷേമനിധി ഭേദഗതി ചെയ്യണമെന്ന് ട്രേഡ് യൂണിയനുകൾ നിവേദനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>മോട്ടോർ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക്
ഇ.എസ്.ഐ. ആനുകൂല്യം</u>

2782 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളി കുടുംബങ്ങളെ ഇ.എസ്.ഐ. പരിധിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ഏതെങ്കിലും സംഘടനകൾ മുന്നോട്ടുവച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കര്‍ഷകത്തൊഴിലാളികളുടെ പ്രശ്നങ്ങള്‍</u>

2783 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാരിന്റെ കീഴില്‍ കര്‍ഷകത്തൊഴിലാളികളുടെ സ്ഥിതി ശോചനീയമാണെന്നും മുന്‍ സര്‍ക്കാര്‍ നല്‍കിയ ആനുകൂല്യങ്ങള്‍പോലും ഈ സര്‍ക്കാര്‍ നിഷേധിക്കുന്നുവെന്നും എസ്. ടി. യു. വാര്‍ത്താസമ്മേളനത്തില്‍ ആരോപിച്ചത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) മുന്‍ സര്‍ക്കാരിന്റെ കാലത്ത് കര്‍ഷകത്തൊഴിലാളി ക്ഷേമനിധിയില്‍ അംഗമായ എ. പി. എല്‍. കാര്‍ഡ് ഉടമകള്‍ക്ക് രണ്ടു രൂപ നിരക്കില്‍ അരി നല്‍കിയിരുന്നത് ഈ സര്‍ക്കാര്‍ നിര്‍ത്തലാക്കിയത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ;

(സി) തൊഴില്‍ വകുപ്പിലെ അഴിമതി തടയുന്നതിനും, അനുബന്ധ ക്ഷേമനിധി ബോര്‍ഡുകളുടെ പ്രവര്‍ത്തനങ്ങള്‍ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ്</u>

2784 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
,, എൻ. ഷംസുദ്ദീൻ
,, കെ. മുഹമ്മദുണ്ണി ഹാജി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പരിധി വർദ്ധിപ്പിച്ച സാഹചര്യത്തിൽ അംഗങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനയ്ക്കനുസരിച്ച് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇൻഷ്വറൻസ് പരിധി വർദ്ധിപ്പിച്ചതിൻ പ്രകാരം തൊഴിലാളി കുടുംബങ്ങൾ കൂടുതലായി ഇ.എസ്.ഐ. പരിധിയിൽ വരുന്നുണ്ടോ; വിശദവിവരം നല്കുമോ?

# കേരള നിയമസഭ
# 27.01.2014–ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

2785 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. കെ.വി. അബ്ദുൾ ഖാദർ
,, കെ. ദാസൻ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽനിന്ന് നിരവധി സ്വകാര്യ ആശുപത്രികൾ പിൻവലിയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്താണിതിന് കാരണമെന്ന് വിശദമാക്കാമോ;

(ബി) ഇൻഷ്വറൻസ് കമ്പനി അംഗീകരിച്ച ക്ലെയിം തുകപോലും കുടിശ്ശികയായിരിക്കുന്നത് മനസ്സിലാക്കിയിട്ടുണ്ടോ;

(സി) വിവിധ ചികിത്സകൾക്ക് അനുവദനീയമായ തുക കാലാനുസൃതമായി ഉയർത്താത്തത് നിർദ്ധനരായ രോഗികൾക്ക് ചികിത്സ നിഷേധിക്കാൻ കാരണമാകുന്നുണ്ടെന്ന് അറിയാമോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) ഈ വിഷയത്തിൽ റിലയൻസ് ഇൻഷ്വറൻസ് കമ്പനിയെക്കുറിച്ച് ഉയരുന്ന ആക്ഷേപങ്ങൾ സമഗ്രമായി പരിശോധിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ആർ. എസ്. ബി. വൈ. ഇൻഷ്വറൻസ് പോളിസി

2786

ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ. എസ്. ബി. വൈ. യിൽ അംഗങ്ങളായ എ. പി. എൽ. വിഭാഗക്കാരുടെ ഇൻഷ്വറൻസ് പോളിസി പുതുക്കുന്നത് സംബന്ധിച്ച് വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ആർ. എസ്. ബി. വൈ. യുടെ ഇൻഷ്വറൻസ് ചുമതല ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളാണ് നടത്തിവന്നിരുന്നത്; ഇതിന്റെ പ്രീമിയം അടയ്ക്കുന്നത് എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ;

(സി) എ. പി. എൽ. വിഭാഗത്തിന്റെ പ്രീമിയം ഇപ്പോൾ പുതുക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ
ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ആം ആദ്മി ബീമായോജന</u>

2787 ശ്രീ.പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ഭൂരഹിതകുടുംബങ്ങളിലെ കുടുംബനാഥന് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിന് നടപ്പാക്കിയ കേന്ദ്ര സർക്കാർ പദ്ധതിയായ ആം ആദ്മി ബീമായോജന സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് നിലവിൽ എത്ര പേർ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും, എത്രപേർക്ക് നാളിതുവരെ ആനുകൂല്യം വിതരണം ചെയ്തെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

2788

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012–13 സാമ്പത്തിക വർഷത്തിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സർക്കാർ എത്ര തുക പ്രീമിയം അടച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര തുക ഇൻഷ്വറൻസ് ക്ലെയിം ഇനത്തിൽ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

**പ്രൊവിഡന്റ് ഫണ്ട് പെൻഷൻകാരെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി**

2789 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാമമാത്രമായ പെൻഷൻ ലഭിക്കുന്ന പ്രൊവിഡന്റ് ഫണ്ട് പെൻഷൻകാരെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ പരിഗണനയിലുണ്ടോ; ഇതിനായി നടപടി സ്വീകരിക്കുമോ;

(ബി) മുൻവർഷങ്ങളിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് കാർഡ് ലഭിച്ചിട്ടുള്ള എല്ലാവർക്കും കാർഡ് പുതുക്കുന്നതിനായി അവസരം ലഭിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; നിലവിൽ കാർഡുണ്ടായിരുന്ന എല്ലാവർക്കും കാർഡ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?